# ആത്മീയചിന്ത ശകലങ്ങൾ

യേശു കൂനിയെ തന്റെ അടുക്കൽ വിളിച്ചുവരുത്തി, അവളുടെമേൽ കൈവച്ചു സൗഖ്യം നൽകി. കൂനി അനേകം നാളുകളായി ദൈവാലയത്തിൽ ആരാധനയ്ക്കായി വരുന്നു. പതിനെട്ടു വർഷവും ആരാധനയിൽ സംബന്ധിച്ചപ്പോൾ അവൾക്ക് ലഭിച്ച ആത്മീയസംതൃപ്തിയുടെ പ്രോത്സാഹനമാണ് ഇന്ന് ദൈവാലയത്തിൽ അവൾ യേശുവിനെ കണ്ടത്. നാം എത്രനാളായി ആരാധനയിൽ പങ്കെടുക്കുന്നു, ആത്മീയസംതൃപ്തി ലഭിക്കുന്നുണ്ടോ? അതോ എല്ലാ ആരാധനയും ഒരേപോലെ അനുഭവപ്പെടുന്നവോ? ഓരോ വിശുദ്ധ കുർബ്ബാനയും പുത്തൻ കുർബ്ബാനയായിരിക്കണമെന്നാണ്, അതിനായി ഓരോ ദിവസങ്ങളിലും വായിക്കുന്നതിനും ധ്യാനിക്കുന്നതിനും വിശുദ്ധവേദവായന ഭാഗം ക്രമീകരിച്ചിരിക്കുന്നത്. അത് മനസ്സിലാക്കി ആരാധനയിൽ പങ്കെടുത്താൽ മാത്രമേ ആത്മീയ അനുഭവും പ്രമോദവും ലഭിക്കുകയുള്ളു. സത്യ ആരാധനയിൽ നമ്മെ ഓരോരുത്തരെ കർത്താവ് തന്റെ അരികിൽ വിളിച്ച്, കൈവച്ച് അനുഗ്രഹിക്കുവാൻ വിധം നാം ഓരോരുത്തർ മനം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകണം. ആരാധനകൾക്ക് മുടക്കം വരാതെ, ശുദ്ധീകരണം പ്രാപിച്ച് തിരുസന്നിധിയിൽ ശക്തിപ്പെട്ട് സകലവും സമർപ്പിച്ച് പ്രാർത്ഥിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

ബിജോയ് ശാമുവേൽ അബുദാബി